No. എ2.-6000/16 തീയതി. 07 - 05 - 2019

കേരള വനംവകുപ്പ്
കോട്ടയം വനം ഡിവിഷൻ

ഇ-ലേല വിജ്ഞാപനം

കോട്ടയം വനം ഡിവിഷനിലെ വിവിധ റെയിഞ്ചുകളിൽ വിവിധ കേസുകളിൽ പിടിച്ചെടുത്തതും സർക്കാലേയ്ക്ക് കണ്ടുകെട്ടി ഉത്തരവായിട്ടുള്ളതും താഴെ പട്ടികയിൽ പ്രതിപാദിക്കുന്നതുമായ വാഹനങ്ങൾ **23.05.2019**-ാം തീയതി കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥനോ 07.06.2014-ലെ 24-ാം നമ്പർ കേരള ഗസറ്റിൽ ഫോറസ്റ്റ് ഷീറ്റിൽ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നമ്പർ പി.സി.2-4593/2011 പ്രകാരം പ്രസിദ്ധപ്പെടുത്തിയ അതേ ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ അതാതു സമയത്ത് നിലവിലുള്ള മറ്റ് നിയമ ങ്ങൾക്കും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയ മായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. M.S.T.C കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിരതദ്രവ്യം, ഇ-പെയ് മെന്റ്, ഇ-ട്രഷറി/ഡിമാന്റ് ഡ്രാഫ്റ്റ് M.S.T.C. –ലിമിറ്റഡ് വഴി കെട്ടി വയ്ക്കേണ്ടതാണ്. വിജയിക്കുന്ന ഇ-ലേലക്കാരൻ ഇ-ലേലത്തിലൂടെ 35% തുക ഇ-ലേല ദിവസം തന്നെ ഇ-പേയ്മെന്റായി കെട്ടി വയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമ പ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ GST, ആദായ നികുതി മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളുടെ ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഇന്റർനെറ്റ് ഓൺലൈനിൽ ബാങ്കിംഗ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനോടൊപ്പം സമർപ്പിക്കേണ്ടതാ ണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കുവാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റി ലൂടെ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേല പ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കു കയുള്ളൂ. നേരിട്ടോ, തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവ ശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തതും, അവയുടെ ഒറിജിനൽ തുറക്കുന്നതിനും മുമ്പ് സമർപ്പിക്കാത്തതുമായ ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതുമാണ്. ഇ-ലേല വുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC-ൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്കിൽ നിന്നോ ഈ ഓഫീസിൽ നിന്നോ അറിയാവുന്നതാണ്. ഇ-പെയ്മെന്റ് ആവശ്യമായ വിവരങ്ങൾ ലേലക്കാരൻ ഇടപാടി നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും, ഇ-ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പി ക്കേണ്ടതാണ്. ലേലക്കാർ വിവരങ്ങൾ അപ്പ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും, നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കു മ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയു ള്ളൂ.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥിരമായ മേൽവിലാ സവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങി ഇ-ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത കാർഡോ, സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-ലേല പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ-ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിൽപ്പനയ്ക്ക് വച്ചി രിക്കുന്ന വാഹനങ്ങൾ, വാഹനങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന റെയിഞ്ചുകളിൽ നേരിട്ട് വന്ന് കണ്ട് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും മറ്റു വിശദവിവരങ്ങളും കണ്ട് ബോദ്ധ്യ പ്പെട്ടിരിക്കേണ്ടതും, ഇ-ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ M.S.T.C ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ M.S.T.C ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അന്നേ ദിവസം ഇ-ലേലം നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സ്ഥലത്ത് വച്ചും ഇതേ നിബന്ധനകൾക്ക് വിധേയമായും പുനർലേലം നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ ഓഫീസിലോ (ഫോൺ നമ്പർ- 04812 562276) ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലോ പ്രവൃത്തി ദിവസങ്ങളിൽ വിവരങ്ങൾ ലഭ്യമാണ്.(കുമളി റെയിഞ്ച് ഫോൺ നമ്പർ 04869 222056, എരുമേലി റെയിഞ്ച് 04282212230)

| ക്രമ നം. | വാഹനത്തിന്റെ വിവരം | സൂക്ഷിച്ചിരിക്കുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് |
|---|---|---|
| 1 | KL 34B 657 ആപ്പേ ഓട്ടോറിക്ഷ | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |
| 2 | KL 37A 7638 ഓട്ടോറിക്ഷ | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 3 | KL 37C 5567 റിനോൾട്ട് ലോഡ്ജി | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |
| 4 | KL-07 T 3406 മോട്ടോർ സൈക്കിൾ | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |
| 5 | KL 6E 7817 പിക്ക്അപ്പ് ജീപ്പ് | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 6 | KL 37B 5950 ഓട്ടോറിക്ഷ | പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ട് |
| 7 | KL 6B 8364 ആപ്പേ ഓട്ടോറിക്ഷ | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 8 | KL 5B 4120 പിക്ക്അപ്പ് ജീപ്പ് | കുമളി റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |

വൈ.വിജയൻ IFS
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോട്ടയം
(കേരള ഗവർണ്ണർക്കു വേണ്ടി)